(ഡി) തൃശ്ശൂർ സബ്ഡിവിഷനിൽ ചേർപ്പ് മേഖലയിൽനിന്ന് പ്രസ്തുത പാലങ്ങളുടെ നിർമ്മാണച്ചുമതല ഇരിങ്ങാലക്കുട സബ്ഡിവിഷനെ ഏൽപ്പിക്കുവാൻ എന്താണ് കാരണമെന്ന് വ്യക്തമാക്കുമോ;

(ഇ) ഈ പാലങ്ങളുടെ നിർമ്മാണം പുനരാരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കാരാഞ്ചിറ പാലത്തിന്റെ പണി തുടങ്ങിയതിനുശേഷം ഇതേവരെ മുടങ്ങിയിട്ടില്ല.

(ബി) എക്സിക്യൂട്ടീവ് എഞ്ചിനീയർ, റോഡ്സ് ഡിവിഷൻ, തൃശ്ശൂർ.

(സി) 275 ലക്ഷം രൂപ. 2006 ജനുവരിയിൽ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) തൃശ്ശൂർ റോഡ്സ് ഡിവിഷന്റെ കീഴിൽ പാലം പണികൾക്കു മാത്രമായി ബ്രിഡ്ജസ് സബ്ഡിവിഷനിൽ രൂപീകൃതമായപ്പോൾ തൃശ്ശൂർ റോഡ്സ് സബ്ഡിവിഷനിൽനിന്നും പണി തൃശ്ശൂർ ബ്രിഡ്ജസ് സബ്ഡിവിഷനിലേക്ക് മാറ്റുകയുണ്ടായി.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

ഇടുക്കി ജില്ലയിലെ ആവണക്കിൻചാൽ പാലത്തിന്റെ നിർമ്മാണം

156 [2227] ശ്രീ. കെ. കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ ആവണക്കിൻചാൽ പാലത്തിന്റെ നിർമ്മാണം ഏറ്റെടുക്കുന്നതിനുള്ള എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) പ്രസ്തുത പാലത്തിന്റെ നിർമ്മാണത്തിന് എന്തു തുകയാണ് കണക്കാക്കിയിട്ടുള്ളതെന്നും എന്നത്തേക്ക് പണി പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) ആവണക്കിൻചാൽ പാലത്തിന്റെ നിർമ്മാണത്തിനുവേണ്ടി 40.50 ലക്ഷം രൂപയുടെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി നബാർഡ് ധനസഹായത്തിനായി ശുപാർശസഹിതം സമർപ്പിച്ചിരിക്കുകയാണ്. ധനസഹായത്തിനുള്ള അനുമതി ലഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly